17878
14/10/19

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - കടാശ്വാസം അനുവദിച്ചതുമായി ബന്ധപ്പെട്ട് ക്ലെയിം ചെയ്യാതിരുന്ന 25% തുക കാരന്നൂർ സർവീസ് സഹകരണ ബാങ്കിന് നൽകുന്നതിനായി സഹകരണ സംഘം രജിസ്ട്രാർക്ക് റിലീസ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.731/2019/മ.തു.വ. തീയതി, തിരുവനന്തപുരം, 06/10/2019**

പരാമർശം : 1. ഫിഷറീസ് ഡയറക്ടറുടെ 03/08/2019 ലെ എൻ3/29839/19 നമ്പർ കത്ത്.
2. കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ 23/11/2018 ലെ നടപടി ക്രമം.

**<u>ഉത്തരവ്</u>**

**1.** കാരന്നൂർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.എഫ്-1244 ൽ നിന്നും വായ്പയെടുത്ത 192 മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം അനുവദിച്ചു നൽകിയിരുന്നുവെങ്കിലും പലിശയിനത്തിൽ 25% തുക ക്ലെയിം ചെയ്യാതിരുന്നതിനാൽ അതനുവദിച്ചു നൽകിയിരുന്നില്ല എന്നും പലിശയുടെ അർഹമായ 25% സഹകരണ ബാങ്കിന് അർഹതയുള്ളതിനാൽ പ്രസ്തുത തുക സഹകരണ സംഘം രജിസ്ട്രാറോട് നേരിട്ട് അപേക്ഷിച്ച് വാങ്ങുന്നതിന് പരാമർശം 2 പ്രകാരം കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ അനുവാദം നൽകിയിട്ടുണ്ട് എന്നും കടാശ്വാസ കമ്മിഷൻ ഉത്തരവായതനുസരിച്ച് 192 മത്സ്യത്തൊഴിലാളികളുടെ പലിശ തുകയിൽ ഇളവനുവദിച്ചതു കാരണം പ്രസ്തുത സംഘത്തിന് ഭീമമായ നഷ്ടമുണ്ടായി എന്നും ബാക്കി നിൽക്കുന്ന പലിശയുടെ 25% തുകയായ **24,29,559/-** രൂപ പ്രസ്തുത സംഘത്തിന് അനുവദിച്ചു നൽകണമെന്നും ഫിഷറീസ് ഡയറക്ടർ പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 192 മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം അനുവദിച്ചതുമായി ബന്ധപ്പെട്ട് പലിശയിനത്തിൽ ക്ലെയിം ചെയ്യാതിരുന്ന 25% തുകയായ **24,29,559/- രൂപ (ഇരുപത്തിനാല് ലക്ഷത്തി ഇരുപത്തൊമ്പതിനായിരത്തി അഞ്ഞൂറ്റി അമ്പത്തിയൊൻപത് രൂപ മാത്രം**) നടപ്പ് സാമ്പത്തിക വർഷത്തെ കടാശ്വാസത്തിന്റെ 2405-00-800-21-34 (നോൺ പ്ലാൻ) ശീർഷകത്തിൽ നിന്നും കാരന്നൂർ

2...

സർവ്വീസ് സഹകരണ ബാങ്കിന് നൽകുന്നതിനായി സഹകരണ സംഘം രജിസ്ട്രാർക്ക് റിലിസ് ചെയ്ത് നൽകുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഗിരിജ കുമാരി. ജി**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്:

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസം കമ്മീഷൻ, നന്തൻകോട്, തിരുവനന്തപുരം
രജിസ്ട്രാർ, സഹകരണ സംഘം ഓഫീസ്, തിരുവനന്തപുരം.
സെക്രട്ടറി, കാരന്തൂർ സഹകരണ ബാങ്ക് നം.എഫ് 1244,ഏലത്തൂർ,കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ),കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (05/09/2019 ലെ No.956559/DEV -2 /266 /2018 - FIN)
ഡയറക്ടർ, വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ